LIBRARY ARCHIVES Kerala Legislative Assembly

കൽപറ്റയിൽ പ്രവർത്തിച്ചുവന്ന അന്നപൂർണ്ണ ഹോട്ടൽ വീണ്ടും പ്രവർത്തിപ്പിക്കുന്നതിന് നടപടി

51 [2020] ശ്രീ. സി. മമ്മൂട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലാ ആസ്ഥാനമായ കല്പറ്റയിൽ പ്രവർത്തിച്ചുവന്ന അന്നപൂർണ്ണ ഹോട്ടൽ വീണ്ടും പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ലൈസൻസിനായി സിവിൽ സപ്ലൈസ് വകുപ്പിന് 2002-ൽ സമർപ്പിച്ച അപേക്ഷയിൽ നാളിതുവരെ നടപടി എടുത്തിട്ടില്ലാ എന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ നടപടി വൈകിയതിനുള്ള കാരണം വെളിപ്പെടുത്താമോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തി പ്രസ്തുത ഹോട്ടൽ പ്രവർത്തിപ്പിക്കാനാവശ്യമായ ലൈസൻസ് സത്വരമായി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) കല്പറ്റയിൽ പ്രവർത്തിച്ചുവന്ന അന്നപൂർണ്ണ ഹോട്ടൽ പുനരാരംഭിക്കാൻ അനുവാദം നൽകണമെന്ന ഒരു നിവേദനം സർക്കാരിൽ ലഭിക്കുകയും ആയത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ നിർദ്ദിഷ്ട നിബന്ധനകൾക്ക് വിധേയമായി അന്നപൂർണ്ണ ഹോട്ടൽ ആരംഭിക്കുവാൻ തയ്യാറാണോ എന്ന് 11-2-2004-ൽ നിവേദകനോട് ആരായുകയും ചെയ്യുകയുണ്ടായി. ആയതിന് നാളിതുവരെ മറുപടി ലഭിക്കുകയുണ്ടായില്ല.

(സി) നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കു വിധേയമായി അന്നപൂർണ്ണ ഹോട്ടൽ അനുവദിക്കാവുന്നതാണ്.

കേരള സ്റ്റേറ്റ് കൺസ്യൂമർ ഡിസ്പ്യൂട്ട്സ് റിഡ്രസ്സൽ കമ്മീഷൻ

52 [2021] ശ്രീ. എം. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കൺസ്യൂമർ ഡിസ്പ്യൂട്ട്സ് റിഡ്രസ്സൽ കമ്മീഷനിൽ എത്ര കേസ്സുകൾ നിലവിലുണ്ട്;

(ബി) പരാതി ലഭിച്ചുകഴിഞ്ഞാൽ അപ്പീലുകൾക്കും ഒറിജിനൽ പെറ്റീഷനുകൾക്കും തീർപ്പുകൽപ്പിക്കാൻ കാലാവധി ഉണ്ടോ;

(സി) നിലവിലുള്ള പരാതികളിൽ വാദം പൂർത്തിയാക്കി വിധിയാകാത്ത എത്ര കേസ്സുകൾ നിലവിലുണ്ട്;

(ഡി) വാദം പൂർത്തീകരിച്ച് ഒരു വർഷമായിട്ടും വിധി പുറപ്പെടുവിക്കാത്ത പരാതികളിന്മേൽ അടിയന്തിരമായി വിധി കൽപ്പിച്ചുകൊണ്ട് ഉപഭോക്തൃ താൽപ്പര്യം സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) 30-6-2004 വരെ 3309 കേസ്സുകൾ നിലവിലുണ്ട്.

(ബി) ഉണ്ട്. വിശദമായ പരിശോധനയും അന്വേഷണവും ആവശ്യമില്ലാത്തവ 90 ദിവസത്തിനകവും, ആവശ്യമുള്ളവ 150 ദിവസത്തിനകവും തീർപ്പുകൽപ്പിക്കണം.

(സി) 99 കേസ്സുകൾ.

(ഡി) വാദം പൂർത്തിയാക്കി ഉത്തരവിനായി എടുത്തിട്ടുള്ള കേസ്സുകളിൽ ഒരു വർഷമായിട്ടും വിധിയുണ്ടാകാത്ത പരാതികളിൽ എല്ലാം തന്നെ വിവിധ കാരണങ്ങളാൽ വീണ്ടും വാദം കേൾക്കുവാനായി പോസ്റ്റ് ചെയ്തിട്ടുള്ളതും കക്ഷികൾ ഹാജരായ കേസ്സുകളിൽ വീണ്ടും വാദം നടന്നുകൊണ്ടിരിക്കുകയുമാണ്.

സംസ്ഥാന സാംസ്കാരിക വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

53 [2022] ശ്രീ. ബി. വിജയകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാംസ്കാരിക വകുപ്പിനുകീഴിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രവർത്തിച്ചുവരുന്നത്;

(ബി) ഈ സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണ രീതി എപ്രകാരമാണ് എന്ന് വ്യക്തമാക്കുമോ;

(സി) സർക്കാരിന് പ്രസ്തുത സ്ഥാപനങ്ങളുടെ മേലുള്ള നിയന്ത്രണം എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോവർഷവും ഓരോ സ്ഥാപനത്തിനും കഴിഞ്ഞ 3 വർഷത്തിനുള്ളിൽ നൽകിയ ബഡ്ജറ്റ് വിഹിതവും ഗ്രാന്റും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത സ്ഥാപനങ്ങളുടെ ഭരണം ഏകോപിപ്പിച്ച് സുഗമമാക്കുന്നതിനായി സാംസ്കാരിക സ്ഥാപനങ്ങളെ സാംസ്കാരിക വകുപ്പിന്റെ ഡയറക്ടറേറ്റിനു കീഴിൽ കൊണ്ടുവരുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ ഇതുസംബന്ധിച്ച വിശദവിവരം വ്യക്തമാക്കാമോ;

(ജി) സാംസ്കാരിക വകുപ്പ് ധനസഹായം നൽകുന്ന എത്ര ട്രസ്റ്റുകളും സാംസ്കാരിക സംഘങ്ങളും സൊസൈറ്റികളും പ്രവർത്തിച്ചുവരുന്നുണ്ട്;

(എച്ച്) ഇപ്രകാരം ധനസഹായം ലഭിക്കുന്നതിനുവേണ്ട മാനദണ്ഡം വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള കലാമണ്ഡലം, കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി, കേരള ലളിതകലാ അക്കാദമി, കേരള ഫോക്‌ലോർ അക്കാദമി, ഭാരത് ഭവൻ, വാസ്തുവിദ്യാ ഗുരുകുലം, സെന്റർ ഫോർ ചാരിറ്റബിൾ സ്റ്റഡീസ്, എം.പി.സി.സി., കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സർവ്വവിജ്ഞാന

LIBRARY ARCHIVES Kerala Legislative Assembly